പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 789 10/02/2016 ൽ മറുപടിക്ക്

വ്യാജഡോക്ടർമാർ

| ചോദ്യം<br>ശ്രീ.മുല്ലക്കര രത്നാകരൻ | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര വ്യാജഡോക്ടർമാരെ കണ്ടെത്തി നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 12 (പന്ത്രണ്ട്) വ്യാജഡോക്ടർമാരെ ആരോഗ്യവകുപ്പിൽ കണ്ടെത്തി. ഇവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | വ്യാജഡോക്ടർമാരെ നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ബി) | പി.എസ്.സി. മുഖാന്തിരം നിയമിക്കപ്പെട്ടവർ, സീനിയർ/ജൂനിയർ റസിഡന്റുമാർ/കരാർ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഡോക്ടർമാർ തുടങ്ങിയവരാണ് ആരോഗ്യവകുപ്പിൽ പ്രവർത്തിച്ചുവരുന്നത്. നിയമനം നടത്തുമ്പോൾ തന്നെ ഇവരുടെ യോഗ്യത കൃത്യമായി മനസ്സിലാക്കി ഉറപ്പുവരുത്തി മാത്രമേ നിയമനം നൽകാറുള്ളൂ. പരാതി ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതിനായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് റിപ്പോർട്ട് ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ